# മുഖ്യമേഖല 7



## സക്രിയ സാമൂഹിക പങ്കാളിത്തം

# മുഖ്യമേഖല 7

# സക്രിയ സാമൂഹിക പങ്കാളിത്തം

**ആമുഖം**

കേരളത്തിന്റെ വിദ്യാഭ്യാസ മേഖല ഗൗരവതരമായ ചർച്ചകളാലും ഇടപെടലുകളാലും വലിയൊരു മുന്നേറ്റത്തിന്റെ പാതയിലാണ്. ഇതിന്റെ പ്രധാന ചാലകശക്തിയാകേണ്ടത് പൊതു സമൂഹമാണ്. അതുകൊണ്ട് വിദ്യാലയ മാനേജ്മെന്റ് കമ്മിറ്റി, അധ്യാപക രക്ഷാകർതൃ സമിതി, പൂർവവിദ്യാർത്ഥി സംഘടന, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പ്രദേശ വാസികൾ, സാമൂഹിക സാംസ്കാരിക സംഘടനകൾ, സന്നദ്ധ സംഘടനകൾ, പ്രവാസികൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുടെ പങ്കാളിത്തം വിദ്യാലയവികസന പ്രവർത്തനങ്ങളിൽ നിർണായകമായിത്തീരുന്നു.

നമ്മുടെ പ്രധാന ലക്ഷ്യം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തലാണ്. അതിനുള്ള പഠനാന്തരീക്ഷവും പഠനസഹായകസംവിധാനങ്ങളും പരിസരവും വിദ്യാലയത്തിൽ രൂപപ്പെടുത്തുന്നതിന് പൊതു സമൂഹത്തിന്റെ ക്രിയാത്മകമായ പങ്കാളിത്തം വേണം. വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടണം. പാഠ്യപദ്ധതി വിനിമയം ഫലപ്രദമാകണം. സമൂഹവുമായുള്ള ജൈവബന്ധം വിദ്യാലയത്തിലെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വിദ്യാലയത്തെ സഹായിക്കുന്നു. ഇത് എല്ലാവിധത്തിലും സമൂഹത്തിന് പ്രയോജനപ്പെടുന്നു. ഏറ്റവും മികച്ച രീതിയിൽ ഗുണമേന്മാ വിദ്യാഭ്യാസപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വിദ്യാലയത്തിൽ വിദ്യാലയ മാനേജ്മെന്റ് കമ്മിറ്റി (SMC/SDMC) രൂപീകരിച്ചു പ്രവർത്തിക്കുന്നു. ഈ കമ്മിറ്റി വിദ്യാലയാസൂത്രണം, വിദ്യാലയ നടത്തിപ്പ്, വിഭവ പിന്തുണ, മോണിറ്ററിംഗ് തുടങ്ങിയവയ്ക്ക് വിദ്യാലയത്തിനു പിന്തുണയും സഹായക നിർദ്ദേശങ്ങളും നൽകുന്നു. വിദ്യാലയ പ്രവർത്തന പരിധിയിലെ എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ഉറപ്പാക്കൽ, അവരെ സ്കൂൾ പ്രായഘട്ടത്തിലാകെ വിദ്യാലയത്തിൽ കൊഴിഞ്ഞുപോകാതെ നിലനിർത്തൽ, പ്രായത്തിനനുസൃതമായ പഠനനേട്ടം കൈവരിക്കൽ എന്നീ രംഗങ്ങളിലെ പ്രവർത്തനങ്ങളിലും എസ്.എം.സി പ്രധാന പങ്കു വഹിക്കുന്നു.

## ചിന്തോദ്ദീപക ചോദ്യങ്ങൾ

1. സമൂഹം/അധ്യാപകരക്ഷാകർതൃസമിതി/എസ്.എം.സി/എസ്.ഡി.എം.സി എന്നിവ വിദ്യാലയത്തിന്റെ ആസൂത്രണത്തിലും നടത്തിപ്പിലും എപ്രകാരമുള്ള സംഭാവനകളാണ് നൽകുന്നത്?
2. സമൂഹം/അധ്യാപക/രക്ഷാകർതൃസമിതി/എസ്.എം.സി/എസ്.ഡി.എം.സി എന്നിവ പഠനബോധനപ്രവർത്തനങ്ങൾ, പഠനനേട്ടങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിൽ എന്തു പങ്കാണ് നിർവഹിക്കുന്നത്?
3. വിദ്യാലയം ഏതു തരത്തിലുള്ള ബന്ധമാണ് സമൂഹവുമായി സ്ഥാപിച്ചിരിക്കുന്നത്?
4. വിദ്യാലയ വികസനത്തിനായി സമൂഹത്തിലെ വിഭവങ്ങൾ എങ്ങനെയാണ് പ്രയോജനപ്പെടുത്തേണ്ടത്?
5. വിദ്യാലയ വികസനത്തിനായി സമൂഹം ഏതു രീതിയിലാണ് വിഭവങ്ങൾ സമാഹരിക്കേണ്ടത്?

## വസ്തുതാപരമായ വിവരങ്ങൾ

(വിദ്യാലയങ്ങൾക്ക് ഒന്നിലേറെ കോളങ്ങളിൽ ടിക്ക് ചെയ്യാവുന്നതാണ്)

1. എസ്.എം.സി/പി.ടി.എ./എസ്.ഡി.എം.സി-യിലെ അംഗങ്ങളുടെ എണ്ണം: ☐
2. എസ്.എം.സി/പി.ടി.എ./എസ്.ഡി.എം.സി യുടെ ഘടന: ☐

   (ഓരോ വിഭാഗത്തിലെയും അംഗങ്ങളുടെ എണ്ണം രേഖപ്പെടുത്തുക)

   a) രക്ഷിതാക്കൾ ☐
   b) അധ്യാപകർ ☐
   c) സ്ത്രീകൾ ☐
   d) ന്യൂന പക്ഷപ്രതിനിധികൾ ☐
   e) സ്വയംഭരണസ്ഥാപന പ്രതിനിധി ☐
   f) പട്ടികവർഗ്ഗ പ്രതിനിധി ☐
   g) വിദ്യാഭ്യാസ വിദഗ്ധർ ☐
   h) സി.ഡബ്ലിയു.എസ്.എൻ രക്ഷിതാക്കൾ ☐

3. കഴിഞ്ഞ അക്കാദമിക വർഷം വിളിച്ചു ചേർത്ത എസ്.എം.സി/എസ്.ഡി.എം.സി/പി.ടി.എ. (എയ്ഡഡ് വിദ്യാലയങ്ങൾ) യോഗങ്ങളുടെ എണ്ണം: ☐
4. കഴിഞ്ഞ അക്കാദമിക വർഷം വിളിച്ചു ചേർത്ത യോഗങ്ങളിലെ ശരാശരി ഹാജർ: ☐
5. പരിശീലനം ലഭിച്ച എസ്.എം.സി/ എസ്.ഡി.എം.സി അംഗങ്ങളുടെ എണ്ണം: ☐

6. കഴിഞ്ഞവർഷം എസ്.എം.സി/ എസ്.ഡി.എം.സി വഴി സഹായം ലഭ്യമാക്കിയ പ്രവർത്തനങ്ങൾ/മേഖലകൾ.

7. ക്ലാസ് പി.ടി.എ., പ്രാദേശിക പി.ടി.എ., പൂർവവിദ്യാർഥി സംഘടന എന്നിവ നിലവിലുണ്ടോ?

ക്ലാസ് പി.ടി.എ. ☐

പ്രാദേശിക പി.ടി.എ. ☐

പൂർവവിദ്യാർഥി സംഘടന ☐

8. ഉണ്ടെങ്കിൽ ഇവ ഓരോന്നും പ്രവർത്തനക്ഷമമാണോ?

അതെ ☐ അല്ല ☐

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| 1. എസ്.എം.സി/ എസ്.ഡി.എം.സി സംഘാടനവും നടത്തിപ്പും | • മുൻ കൂട്ടി നിശ്ചയിച്ച അജണ്ടയില്ലാതെ യോഗം നടത്തുന്നു.<br>• കുറച്ച് അംഗങ്ങൾ മാത്രം പങ്കെടുക്കുന്നു.<br>• സാമ്പത്തികം, അടിസ്ഥാന സൗകര്യം ഇവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാത്രം തീരുമാനം എടുക്കുന്നു. | • അജണ്ട നിശ്ചയിച്ച് മുൻകൂട്ടി നോട്ടീസ് നൽകി യോഗം വിളിക്കുന്നു<br>• പരമാവധി അംഗങ്ങൾ ഹാജരാകുന്നു. ചർച്ചയിൽ പങ്കെടുക്കുന്നു.<br>• സാമ്പത്തിക, അടിസ്ഥാന സൗകര്യ കാര്യങ്ങൾക്കുപുറമെ മറ്റു കാര്യങ്ങളിലും തീരുമാനമെടുക്കുന്നു. | • നിശ്ചിത സമയത്ത് എസ്.എം.സി/പി ടി എ/ എസ്.ഡി.എം.സി മീറ്റിംഗുകൾ വിളിക്കുന്നു. അത്യാവശ്യഘട്ടങ്ങളിലും യോഗം വിളിച്ചു ചേർക്കുന്നു.<br>• കണ്ടെത്തിയ പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>• തീരുമാനമെടുക്കുന്നതു കൂടാതെ അവയുടെ നടത്തിപ്പ് മോണിറ്റർ ചെയ്യുകയും അവലോകനം നടത്തുകയും ചെയ്യുന്നു. |

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| **2. വിദ്യാലയ പുരോഗതിയിലെ പങ്ക്** | • 2009-ലെ RTE ആക്ട്, എസ്.എസ്.എ/ ആർ.എം.എസ്.എ വ്യവസ്ഥകൾ എന്നിവയെക്കുറിച്ച് എസ്.എം.സി/എസ്.ഡി.എം.സി അംഗങ്ങൾക്ക് ധാരണയുണ്ട്.<br>• സ്കൂൾ വികസന രേഖ എസ്.എം.സി/എസ്.ഡി.എം.സി യോഗങ്ങളിൽ ചർച്ചചെയ്യുന്നു. | • 2009-ലെ RTE ആക്ട്, കൂടാതെ എസ്.എസ്.എ/ആർ.എം.എസ്.എ വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായി SMC/PTA/SDMC യോഗതീരുമാനങ്ങൾ നടപ്പാക്കുന്നു<br>• അടിയന്തിര ശ്രദ്ധവേണ്ട പ്രവർത്തനങ്ങൾ എസ്.ഡി.പിയിലേയ്ക്ക് നിർദ്ദേശിക്കുന്നു.<br>• 2009-ലെ RTE ആക്ട്, എസ്.എസ്.എ, ആർ.എം.എസ്.എ എന്നിവ സംബന്ധിച്ച വിവരങ്ങൾ സമൂഹവുമായി പങ്കുവയ്ക്കുന്നു. | • 2009-ലെ RTE ആക്ട് കൂടാതെ എസ്.എസ്.എ/ആർ.എം.എസ്.എ എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് SMC/PTA/SDMC എന്നിവർക്ക് ധാരണ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു.<br>• RTE ആക്ട് അനുസരിച്ച് കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ രീതിയിൽ അക്കാദമികവും ഭൗതികവുമായ വിദ്യാലയ വിലയിരുത്തൽ പ്രക്രിയയിൽ എസ്.എം.സി/എസ്.ഡി.എം.സി, പി ടി എ അംഗങ്ങൾ പങ്കാളികളാകുന്നു.<br>• വിദ്യാലയ വികസന ആവശ്യങ്ങൾ കണ്ടെത്തുന്നതിനും മുൻഗണനാക്രമം നിശ്ചയിക്കുന്നതിനും സഹായിക്കുന്നു.<br>• വിദ്യാലയ വികസന പദ്ധതി അധ്യാപകരുമായി ചേർന്ന് തയ്യാറാക്കുന്നു. വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിനായി അതിന്റെ നടത്തിപ്പിലും മേൽനോട്ടത്തിലും പങ്കെടുക്കുന്നു. |

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| 3. വിദ്യാലയവും സമൂഹവും തമ്മലുള്ള ബന്ധം | • രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റംഗങ്ങളെയും വിദ്യാലയത്തിലെ പരിപാടികളിലേയ്ക്ക് ക്ഷണിക്കുന്നു.<br>• വിദ്യാലയ സൗകര്യങ്ങളെക്കുറിച്ചും നിലവിലുള്ള വെല്ലുവിളികളെക്കുറിച്ചും രക്ഷിതാക്കളെ അറിയിക്കുന്നു. | • പഠിതാക്കളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി വിദ്യാലയ പ്രവേശനം, ഹാജർ നില എന്നിവയെക്കുറിച്ച് സമൂഹവുമായി സംവദിക്കുന്നു.<br>• വിദ്യാലയത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുന്നു.<br>• വിദ്യാലയവും സമൂഹവും ചേർന്ന് വിദ്യലയത്തിലും പുറത്തും പരിപാടികൾ സംഘടിപ്പിക്കുന്നു. | • വിദ്യാലയവും സമൂഹവും സംയുക്തമായി വിദ്യാലയത്തിന്റെ ആവശ്യങ്ങൾ വിലയിരുത്തുന്നു.<br>• ലഭ്യമായ വിഭവങ്ങൾ കണ്ടെത്തി ഫലപ്രദമായി ഉപയോഗിച്ച് വിദ്യാലയവികസനത്തിനായി പ്രയോജനപ്പെടുത്തുന്നു.<br>• സമൂഹവും വിഭവസമാഹരണത്തിനായി സന്നദ്ധസംഘടകൾ കോർപ്പെറേറ്റുകൾ പൂർവവിദ്യാർത്ഥിസംഘടനകൾ തുടങ്ങിയവരെ സമീപിക്കുന്നു.<br>• വിദ്യാലയത്തിനകത്തും പുറത്തും മുഴുവൻ സ്ഥലവും പഠന പ്രവർത്തനങ്ങൾക്കിണങ്ങുന്ന രീതിയിൽ പരിവർത്തിപ്പിക്കുന്നതിനു വേണ്ട ചർച്ചകൾ ഉയർത്തികൊണ്ടുവരുന്നു.<br>• സമൂഹ പങ്കാളിത്തത്തോടെ, ജൈവ പച്ചക്കറിത്തോട്ടം പൂന്തോട്ടം ഔഷധ സസ്യങ്ങൾ എന്നിവ വച്ചുപിടിപ്പിക്കൽ, സംരക്ഷിക്കൽ, കൂടുകൾ സ്പോൺസർ ചെയ്യിക്കൽ തുടങ്ങിയവ നടത്തുന്നു.<br>• കുട്ടികളുടെ പാർക്ക് നിർമാണം സ്പോൺസറെ കണ്ടെത്തൽ |

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| **4. സമൂഹം ഒരു പഠനവിഭവം** | • വിദ്യാലയത്തിനു സമീപമുള്ള സവിശേഷ സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ സന്ദർശനം ആസൂത്രണം ചെയ്യുന്നു.<br>• ഈ സന്ദർശനങ്ങൾക്ക് സമൂഹത്തിൽ നിന്ന് സാധ്യമായ സഹായങ്ങൾ സ്വീകരിക്കുന്നു. | • സംസ്കാരം, കേട്ടറിവുകൾ, പരമ്പരാഗത ജ്ഞാനസമ്പത്ത് (നാടൻപാട്ട്, കല, കരകൗശല, കാർഷികവൃത്തി) എന്നിവയെക്കുറിച്ച് കുട്ടികളുടെ താല്പര്യമുണർത്തുന്നതിന് വിദ്യാലയം മുൻകൈയെടുക്കുന്നു.<br>• സമൂഹത്തിലെ പ്രമുഖ വ്യക്തികളുടെയും പ്രധാന സ്ഥലങ്ങളുടെയും ചിത്രങ്ങൾ വിദ്യാലയത്തിൽ പ്രദർശിപ്പിക്കുന്നു.<br>• പ്രദേശത്തെ കരകൗശല വിദഗ്ദ്ധർ, കൈത്തൊഴിൽ ചെയ്യുന്നവർ എന്നിവരെ വിദ്യാലയത്തിലേക്ക് ക്ഷണിച്ച് പഠിതാക്കളുമായി ആശയവിനിമയം നടത്തുന്നു. | • പാഠ്യ പദ്ധതി വിനിമയത്തിനിണങ്ങുന്ന രീതിയിൽ പ്രാദേശിക വിഭവങ്ങളെയും അറിവുകളെയും കണ്ടെത്തുന്നു. അവയെ ജീവിത നൈപുണിയുമായി ബന്ധിപ്പിക്കുന്നതിനാവശ്യമായ ആസൂത്രണം നടത്തുന്നു.<br>• പ്രാദേശിക അറിവുകളും നൈപുണികളുമായി ബന്ധപ്പെടുത്തി വിവിധ വിഷയജ്ഞാനവും നൈപുണികളും ആർജിക്കാനുള്ള പഠനബോധന പ്രവർത്തനങ്ങൾ നടത്തുന്നു.<br>• സമൂഹത്തെ/ ഗ്രാമത്തെ പഠന പരിസരമായി ഉപയോഗിക്കുന്നു. പ്രത്യേക തൊഴിൽ നൈപുണിയുമായി ഉദ്ഗ്രഥിക്കുകയും ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.<br>• വിദഗ്ധരുടെ സേവനം വിദ്യാലയത്തിലെത്തിക്കുന്നു. അവരുമായുള്ള അഭിമുഖങ്ങളിലൂടെ അറിവുകൾ ശേഖരിക്കുന്നു.<br>• തൊഴിൽശാലകൾ, വായനാശാലകൾ കാർഷിക കേന്ദ്രങ്ങൾ തുടങ്ങി വിവിധ കേന്ദ്രങ്ങൾ സന്ദർശിക്കുകയും വിദഗ്ധരുടെ സഹായത്തോടെ അറിവു നിർമ്മിക്കുകയും ചെയ്യുന്നു.<br>• വിദ്യാലയം ഒരു പാഠപുസ്തകമാക്കുന്നതുപോലെ ഗ്രാമവും ഒരു പാഠപുസ്തകമാക്കി മാറ്റുന്നു. |

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| **5. സമൂഹത്തെ ശാക്തീകരിക്കൽ** | • വിദ്യാലയവികസന പദ്ധതി (SDP) നടപ്പിൽ വരുത്തുന്നതിനാവശ്യമായ അധിക വിഭവങ്ങൾ കണ്ടെത്തുക<br>• പ്രബലമായ സ്രോതസ്സിൽ നിന്ന് അവ നേടുക | • വിദ്യാലയത്തിലെ അറ്റകുറ്റ പ്പണികൾ നടത്തുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കു ന്നതിനും ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുന്നു.<br>• വിദ്യാലയത്തിനകത്തും പുറത്തും വിവിധ പരിപാടി കൾ വിദ്യാലയവും സമൂ ഹവും കൂട്ടായി സംഘടിപ്പി ക്കുന്നു. | • വിദ്യാലയത്തിനാവശ്യമായ വിഭവങ്ങൾ സമാഹരി ക്കുന്നതിനായി വിദ്യാലയവും സമൂഹവും സന്നദ്ധ സംഘടനകൾ, കോർപ്പറേറ്റ് സ്ഥാപന ങ്ങൾ, പൂർവവിദ്യാർഥി സംഘടനകൾ, എന്നിവയു മായി ബന്ധപ്പെടുന്നു.<br>• സമൂഹ നന്മയ്ക്കായി വിവിധ പരിപാടികൾ വിദ്യാ ലയം ഏറ്റെടുത്തു നടത്തുന്നു. (ശുചിത്വ പരിപാടി കൾ, സാക്ഷരതാ പ്രവർത്തനങ്ങൾ, സാമൂഹ്യ സമത്വ, ലിംഗ സമത്വ പരിപാടികൾ മുതലായവ)<br>• സാമൂഹ്യ പങ്കാളിത്തത്തിന്റെ മാതൃകാപരമായ വിദ്യാലയ പ്രവർത്തനങ്ങൾ ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി പങ്കുവയ്ക്കുന്നു. |

വിദ്യാലയ മികവ്

# തെളിവിടങ്ങൾ

| | |
|---|---|
| റഫർ ചെയ്യാവുന്ന തെളിവുകൾ (മാനദണ്ഡങ്ങൾ / നിർദേശങ്ങൾ / രജിസ്റ്ററുകൾ / ഉത്തരവുകൾ) | ➤ SSA Framework for Implementation: Chapter-V (pp.83-91), Chapter-IX (p.137-139) (http://mhrd.gov.in/sites/upload_files/mhrd/files/upload_document/SSA-Frame-work.pdf)<br>➤ Framework for Implementation of RMSA: Chapter-II (p.7), Chapter- IV (p.65, p.79), Chapter-VI (pp.43-45) & Chapter-VII (pp.53-57) (http://mhrd.gov.in/sites/upload_files/mhrd/files/upload_document/Framework_Final_ RMSA_3.pdf)<br>➤ NCF-2005: Chapter-II (pp.30-34) Chapter-IV (pp.88-89) (NCF-2005: http://www.ncert.nic.in/rightside/links/pdf/framework/english/nf2005.pdf)<br>➤ RTE Act-2009:Chapter-III (clause 10 at P.5), Chapter-IV (clause21, 22 at p.7) &Chapter-VII (clause 35, 38 at pp.10-11) (http://ssa.nic.in/rte-docs/free%20and%20compulsory.pdf) |
| *വിദ്യാലയങ്ങളിൽ നിന്നു ലഭിക്കുന്ന സഹായക തെളിവുകൾ* | • അംഗങ്ങളുടെ പേരുവിവരം<br>• യോഗത്തിന്റെ അജണ്ടയും മിനിറ്റ്സും<br>• അംഗങ്ങളുടെ ഹാജർ<br>• മുൻ യോഗതീരുമാനങ്ങളുടെ അവലോകനവും തുടർ നിർദേശങ്ങളും<br>• വിദ്യാലയ വികസന പദ്ധതി രൂപീകരണ ചർച്ച<br>• പദ്ധതി നിർവഹണം, മേൽനോട്ടം വിലയിരുത്തൽ എന്നിവയിൽ അംഗങ്ങളുടെ പങ്കാളിത്തം.<br>• എസ്.എം.സി/ എസ്.ഡി.എം.സി അംഗങ്ങൾക്കുള്ള അറിയിപ്പു രീതി (ഉദാ:- നോട്ടീസ്, വാട്സാപ്പ് സന്ദേശം...)<br>• സാമൂഹ്യപങ്കാളിത്തത്തോടെ നടത്തിയ പഠന-ബോധന പ്രവർത്തനങ്ങളുടെ വിശദവിവര രേഖ<br>• വിദ്യാലയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാമൂഹ്യ ഇടപടൽ (eg. കളിസ്ഥലം നിരപ്പാക്കൽ, ചുറ്റുമതിൽ, കുടിവെള്ളം, ICT സൗകര്യങ്ങൾ, ലൈബ്രറി, വിദ്യാലയ പൂന്തോട്ടം തുടങ്ങിയവ)<br>• അധ്യാപകർ അവധിയെടുക്കുമ്പോൾ പ്രാദേശികവിദഗ്ദ്ധരെ സ്കൂളിലേക്കു ക്ഷണിച്ചു നടത്തിയ ക്ലാസുകളുടെ വിവരം (കഥകൾ, പ്രാദേശിക കലകൾ, നാടൻ പാട്ട്, സംഗീതം, കല, കരകൗശലം, കാർഷിക വൃത്തി എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ)<br>• പ്രധാനപ്പെട്ട സ്ഥലങ്ങൾ, സാമൂഹികസ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ചതിന്റെ രേഖകൾ (ഗ്രാമ പഞ്ചായത്ത്, പോസ്റ്റ് ഓഫീസ്, വയലുകൾ, പ്രധാനവ്യക്തികൾ) |

| വിദ്യാലയങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ട രേഖകൾ : | |
|---|---|
| | • അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ കുട്ടികളുടെ പ്രവേശനവുമായി ബന്ധപ്പെട്ടു നടത്തിയ സർവെ വിവരങ്ങൾ<br>• വിദ്യാലയും സമൂഹവും പങ്കെടുത്ത പരിപാടികൾ<br>• 'ഉൾപ്പെടുത്തു'ന്നതിനായി സമൂഹം നൽകിയ നിർദേശങ്ങൾ<br>• സാമ്പത്തിക സഹായം സ്വീകരിച്ചതിന്റെ രേഖകൾ (സംഭാവന, ഉല്പന്നങ്ങളായി ലഭിച്ച സംഭാവനകൾ, സാമൂഹിക സഹായം, തദ്ദേശസ്വയംഭരണ സ്ഥാപനം നൽകിയ സഹായം etc.) |

## നൂതനാശയപ്രയോഗങ്ങൾ

ഈ മുഖ്യമേഖലയിലുൾപ്പെടുന്ന, വിദ്യാലയത്തിന്റെ നൂതനാശയ പ്രയോഗങ്ങൾ ഇവിടെ രേഖപ്പെടുത്തുക.

# പ്രതികരണ പത്രിക

## സക്രിയ സാമൂഹിക പങ്കാളിത്തം

(കൂട്ടായി ആലോചിച്ച് നിശ്ചയിച്ച തലങ്ങൾ ✓ ചെയ്യുക)

| കാമ്പുമാനദണ്ഡം | തലം 1 | തലം 2 | തലം 3 |
|---|---|---|---|
| 1. പി.ടി.എ./എസ്.എം.സി./എസ്.ഡി.എം.സി. യുടെ സംഘാടനവും നടത്തിപ്പും | | | |
| 2. വിദ്യാലയപുരോഗതിയിലെ പങ്ക് | | | |
| 3. വിദ്യാലയവും സമൂഹവുമായുള്ള ബന്ധം | | | |
| 4. സമൂഹമെന്ന പഠനവിഭവം | | | |
| 5. സമൂഹത്തെ ശാക്തീകരിക്കൽ | | | |

## മെച്ചപ്പെടുത്താനുള്ള ആസൂത്രണം

| കാമ്പുമാനദണ്ഡം | തലം (1/2/3) | മെച്ചപ്പെടുത്തേണ്ട കാര്യങ്ങൾ | മെച്ചപ്പെടേണ്ട കാര്യങ്ങൾ മുൻഗണനാക്രമം (കുറഞ്ഞത്/മധ്യമം/കൂടിയത്) ✓ ചെയ്യുക.) | | | മുന്നോട്ടുവയ്ക്കുന്ന പ്രവർത്തനങ്ങൾ | സമയക്രമം (അനുയോജ്യമായ വർഷം) ✓ ചെയ്യുക) | | |
|---|---|---|---|---|---|---|---|---|---|
| | | | L | M | H | | Y-1 | Y-2 | Y-3 |
| 1 പി.ടി.എ./എസ്.എം.സി./ എസ്.ഡി.എം.സി. യുടെ സംഘാടനവും നടത്തിപ്പും | | | | | | | | | |
| 2. വിദ്യാലയപുരോഗതിയിലെ പങ്ക് | | | | | | | | | |
| 3. വിദ്യാലയവും സമൂഹവുമായുള്ള ബന്ധം | | | | | | | | | |

## മെച്ചപ്പെടുത്താനുള്ള ആസൂത്രണം

| കാമ്പുമാനദണ്ഡം | തലം (1/2/3) | മെച്ചപ്പെടുത്തേണ്ട കാര്യങ്ങൾ | മെച്ചപ്പെടേണ്ട കാര്യങ്ങൾ മുൻഗണനാക്രമം (കുറഞ്ഞത്/മധ്യമം/കൂടിയത്) ✓ ചെയ്യുക.) | | | മുന്നോട്ടുവയ്ക്കുന്ന പ്രവർത്തനങ്ങൾ | സമയക്രമം (അനുയോജ്യമായ വർഷം) ✓ ചെയ്യുക) | | |
|---|---|---|---|---|---|---|---|---|---|
| | | | L | M | H | | Y-1 | Y-2 | Y-3 |
| 4. സമൂഹമെന്ന പഠനവിഭവം | | | | | | | | | |
| 5. സമൂഹത്തെ ശാക്തീകരിക്കൽ | | | | | | | | | |